CEE/363/2023-TA4

I/43817/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**<u>വിജ്ഞാപനം</u>**

**<u>കീം 2023</u>**

**<u>മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും</u>**

**<u>നീറ്റ് യു.ജി. സ്കോർ സമർപ്പിക്കുന്നതിനുമുള്ള അവസരം</u>**

സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് 2023-24 അധ്യയന വർഷത്തെ പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചതിൽ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ തെരഞ്ഞെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ഒരിക്കൽ കൂടി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും നീറ്റ് യു.ജി. സ്കോർ സമർപ്പിക്കുന്നതിനുമുള്ള അവസരം നൽകുന്നു.

കീം 2023 മുഖേന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പ്രസ്തുത അപേക്ഷയിൽ കൂട്ടിചേർക്കുന്നതിന് അവസരം ലഭ്യമാക്കിയിട്ടുണ്ട്.

NTA നടത്തിയ നീറ്റ് യു.ജി. 2023 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയവർക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് അപേക്ഷിക്കാവുന്നതാണ്. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും നീറ്റ് യു.ജി.സ്കോർ സമർപ്പിക്കുന്നതിനും **07.07.2023 വൈകുന്നേരം 4 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

**<u>സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന്</u>**

(കീം 2023 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഇതിനോടകം അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർക്ക് മാത്രം)

ഇതിനായി മേൽ വെബ്സൈറ്റിലെ **'**Keam 2023-Candidate Portal**'** എന്ന ലിങ്കിലൂടെ അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി വിദ്യാർത്ഥികൾ അവരുടെ ഹോം പേജിൽ പ്രവേശിക്കേണ്ടതാണ്. അതിനുശേഷം **'**Add course**'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്.

I/43817/2023

**<u>അപേക്ഷാ ഫീസ് ഒടുക്കേണ്ട വിധം.</u>**

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർക്കുള്ള അധിക അപേക്ഷാ ഫീസ് (ബാധകമെങ്കിൽ) ഓൺലൈനായി ഒടുക്കേണ്ടതാണ്.

**<u>നീറ്റ് യു.ജി. സ്കോർ സമർപ്പിക്കേണ്ട വിധം</u>**

ബാധകമായ ഫീസ് ഒടുക്കി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർത്ത ശേഷം ലഭ്യമാകുന്ന ലിങ്ക് മുഖേന വിദ്യാർത്ഥികൾ നീറ്റ് യു.ജി. 2023 സ്കോർ കൂടി സമർപ്പിക്കേണ്ടതാണ്. 2023 വർഷത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള സംസ്ഥാന റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി നീറ്റ് യു.ജി. 2023 സ്കോർ സമർപ്പിക്കുന്ന വിദ്യാർത്ഥികളെ മാത്രമായിരിക്കും പരിഗണിക്കുന്നത്. നീറ്റ് യു.ജി.സ്കോർ സമർപ്പിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള 01.07.2023 തീയതിയിലെ വിജ്ഞാപനം കാണുക.

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുമ്പ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2023-24 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും **17.03.2023** ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
05-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 05-07-2023 17:05:26